കൂടാതെ ജില്ലാ-ബ്ലോക്ക് തലങ്ങളിൽ ജനകീയ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. അബ്കാരി കുറ്റകൃത്യങ്ങൾ ജാമ്യമില്ലാത്തവയാക്കുകയും ശിക്ഷ കുറഞ്ഞത് ഒരു ലക്ഷം രൂപ പിഴയും 10 വർഷം തടവും ആക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1) മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ വിമാനയാത്ര

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും എത്ര പ്രാവശ്യം വിമാനയാത്ര നടത്തിയിട്ടുണ്ട്;

(ബി) മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും എവിടേക്കെല്ലാമാണ് വിമാനയാത്ര നടത്തിയത്;

(സി) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും വിമാനയാത്രയ്ക്കു വേണ്ടി എന്തു തുക ടി.എ., ഇൻസിഡന്റൽ ചാർജ്ജസ് എന്നീയിനത്തിൽ പറ്റിയിട്ടുണ്ട്?

ഉത്തരം

(എ,ബി,സി) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിമാരും നടത്തിയ വിദേശയാത്ര ഒഴികെയുള്ള വിമാനയാത്രകളുടെ എണ്ണം, സന്ദർശിച്ച സ്ഥലങ്ങൾ, യാത്രക്കൂലി, ഇൻസിഡന്റൽ ചാർജ്ജസ് എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

2 (5) മന്ത്രിമാർ ടി.എ. ഇനത്തിൽ ചെലവഴിച്ച തുക

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ടി.എ. ഇനത്തിൽ എത്ര തുക ചെലവഴിച്ചു; ഓരോരുത്തരും ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും നാളിതുവരെയുള്ള ടെലിഫോൺ തുക എത്ര; ഓരോരുത്തരുടേയും കണക്ക് വ്യക്തമാക്കാമോ;

(സി) സംസ്ഥാന മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിസഭാംഗങ്ങളുടെയും വീടുകൾ മോടി പിടിപ്പിക്കുന്നതിനായി എത്ര തുക സർക്കാർ ചെലവഴിച്ചു; വകുപ്പുതിരിച്ചുള്ള കണക്കിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

---

* അനുബന്ധം VII

(2,3,4, എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

18.12.2000-ലെ നക്ഷത്രചിഹ്നമിടാത്ത 1 (1)-ാം നമ്പർ ചോദ്യം ദയവായി കാണുക.

(താൽക്കാലിക കണക്ക്)

നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും നടത്തിയ വിമാന യാത്രകളുടെ എണ്ണം സന്ദർശിച്ച സ്ഥലങ്ങൾ, വിമാനയാത്രക്കൂലി, ഇൻസിഡന്റൽ ചാർജ്ജസ് എന്നിവ സംബന്ധിച്ച വിവരം

	വിമാന യാത്രകളുടെ എണ്ണം	വിമാനയാത്ര നടത്തിയ സ്ഥലങ്ങൾ (വിദേശ യാത്ര ഉൾപ്പെടുത്തിയിട്ടില്ല)	വിമാന യാത്രക്കൂലി (വിദേശ യാത്രാ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല) രൂപ	ഇൻസിഡന്റൽ എക്സ്പെൻസസ് രൂപ
1. ശ്രീ. ഇ.കെ.നായനാർ, മുഖ്യമന്ത്രി	74	ഡൽഹി, മുംബൈ, ഹൈദരാബാദ്, ചെന്നൈ, കൽക്കട്ട, ഗോഹട്ടി, ബാംഗ്ലൂർ, റെയ്പൂർ, കൊച്ചിൻ	18,57,250/-	വിവരം ശേഖരിച്ചു വരുന്നു.
2. ശ്രീ. വി.പി.രാമകൃഷ്ണപിള്ള, ജലസേചന-തൊഴിൽ വകുപ്പുമന്ത്രി	9	ഡൽഹി, ചെന്നൈ, കൽക്കട്ട	1,46,500/-	7,600/- രൂപ
3. ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ, ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി	15	ഡൽഹി, ചെന്നൈ, ബാംഗ്ലൂർ	3,52,296/-	3,400/- രൂപ
4. ശ്രീ. കെ.ഇ.ഇസ്മായിൽ, റവന്യൂ വകുപ്പു മന്ത്രി	22	ഡൽഹി, ചെന്നൈ, ഹൈദരാബാദ്, ബാംഗ്ലൂർ, നെടുമ്പാശ്ശേരി	4,39,227/-	5,000/- രൂപ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. പി.ജെ.ജോസഫ്, വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി	46	ഡൽഹി, മുംബൈ, കൽക്കട്ട, ചെന്നൈ, ബാംഗ്ലൂർ, ഹൈദരാബാദ്, ഭോപ്പാൽ, രാജ്കോട്ട്, ഗോഹട്ടി, കുളു, ചണ്ഡിഗഡ്.	8,85,218/-	വിവരം ശേഖരിച്ചു വരുന്നു.
6. ശ്രീ. സി.കെ.നാണു, വനവും ഗതാഗതവും വകുപ്പു മന്ത്രി	4	ഡൽഹി, നാഗ്പൂർ (പേയ്മെന്റ് നടത്തിയിട്ടില്ല)	63,302/-	1,250/-
7. ശ്രീ. പാലൊളി മുഹമ്മദ്കുട്ടി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി	31	ഡൽഹി, ചെന്നൈ, കൽക്കട്ട	5,00,875/-	വിവരം ശേഖരിച്ചു വരുന്നു.
8. ശ്രീ. എസ്.ശർമ്മ, വിദ്യുത്ശക്തിയും സഹകരണവും വകുപ്പുമന്ത്രി	5	ഡൽഹി, കൊച്ചി	1,23,010/-	വിവരം ശേഖരിച്ചു വരുന്നു.
9. ശ്രീ. കെ.രാധാകൃഷ്ണൻ, പിന്നോക്ക-പട്ടിക വിഭാഗ ക്ഷേമവകുപ്പുമന്ത്രി	11	ചെന്നൈ, ഡൽഹി, കൽക്കട്ട, ബോംബെ, കൊച്ചിൻ	1,89,183/-	1,500/-
10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ, കൃഷി വകുപ്പുമന്ത്രി	19	ചെന്നൈ, ഡൽഹി, ബാംഗ്ലൂർ, കൊച്ചി	2,98,850/-	1,875/-
11. ശ്രീ. ടി.കെ.രാമകൃഷ്ണൻ, ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി	30	ചെന്നൈ, ഡൽഹി, മുംബൈ, കൽക്കട്ട, ബാംഗ്ലൂർ	6,89,661/-	7,275/-
12. ശ്രീ. വി.സി.കബീർ, ആരോഗ്യവകുപ്പുമന്ത്രി	5	ഡൽഹി, ചെന്നൈ, ബാംഗ്ലൂർ	1,13,300/-	വിവരം ശേഖരിച്ചു വരുന്നു.
13. ശ്രീ. ടി.ശിവദാസമേനോൻ, ധനകാര്യ വകുപ്പു മന്ത്രി	23	ഡൽഹി, ചെന്നൈ, ബാംഗ്ലൂർ, മുംബൈ, കൽക്കട്ട	4,85,093/-	5,675/-
14. ശ്രീമതി. സുശീലാ ഗോപാലൻ, വ്യവസായ വകുപ്പുമന്ത്രി	42	ഡൽഹി, ചെന്നൈ, കൽക്കട്ട, മുംബൈ, ബാംഗ്ലൂർ, കൊച്ചി	5,93,116/-	12.000/-

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. ബേബി ജോൺ, മുൻജലസേചന വകുപ്പു മന്ത്രി	10	ഡൽഹി, ചെന്നൈ, കൽക്കട്ട	2,48,780/-	6.550/-
16. ശ്രീ. വി.കെ.രാജൻ, മുൻ കൃഷിവകുപ്പു മന്ത്രി	3	ഡൽഹി	78,510/-	വിവരം ശേഖരിച്ചു വരുന്നു.
17. ശ്രീ. പിണറായി വിജയൻ, മുൻ വിദ്യുത്ശക്തിയും സഹകരണവും വകുപ്പുമന്ത്രി	16	ഡൽഹി, മുംബൈ, കൽക്കട്ട	3,17,209/-	വിവരം ശേഖരിച്ചു വരുന്നു.
18. ശ്രീ. പി.ആർ.കുറുപ്പ്, മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി	28	ഡൽഹി, ചെന്നൈ, ഗോവ, ബാംഗ്ലൂർ, മുംബൈ	3,78,549/-	വിവരം ശേഖരിച്ചു വരുന്നു.
19. ശ്രീ. എ.നീലലോഹിതദാസൻ നാടാർ, മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി	9	ഡൽഹി, ചെന്നൈ, മുംബൈ	1,73,690/-	വിവരം ശേഖരിച്ചു വരുന്നു.
20. ശ്രീ. എ.സി.ഷണ്മുഖദാസ്, മുൻ ആരോഗ്യ വകുപ്പു മന്ത്രി	46	ഡൽഹി, ചെന്നൈ, മുംബൈ, ബാംഗ്ലൂർ, കൽക്കട്ട, ഇംഫാൽ, നാഗപ്പൂർ	10,22,471	വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly